# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3384** — **12.12.2014-ൽ മറുപടിക്ക്**

### രാജീവ് ആവാസ് യോജന പദ്ധതി- ചേരി വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി എ അഹമ്മദ് കബീർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ചേരി വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്; | (എ) | രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് അഞ്ച് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ബി) | തിരുവനന്തപുരം കോർപ്പറേഷനിലെ മതിപ്പുറം കോളനി(പദ്ധതി തുക 71.86 കോടി രൂപ), കൊല്ലം കോർപ്പറേഷനിലെ SMP പാലസ് കോളനി (പദ്ധതി തുക 17.5 കോടി രൂപ), കൊച്ചി കോർപ്പറേഷനിലെ തുരുത്തി കോളനി (പദ്ധതി തുക 67.62 കോടി രൂപ), തൃശൂർ കോർപ്പറേഷനിലെ നെല്ലങ്കര ഹരിജൻ ലക്ഷം വീട് കോളനി (പദ്ധതി തുക 1.34 കോടി രൂപ), കോഴിക്കോട് കോർപ്പറേഷനിലെ മാലൂർകുന്ന് കോളനി (പദ്ധതി തുക 1.88 കോടി രൂപ) എന്നിവയാണ് അംഗീകാരം ലഭിച്ചിട്ടുള്ള അഞ്ച് പദ്ധതികൾ. |

സെക്ഷൻ ഓഫീസർ